**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

19.11.2018

## പത്രക്കുറിപ്പ്

### ഐ.ടി.ഐ. ഗ്രീൻ കാമ്പസ് വടക്കൻ മേഖലാ ശിൽപ്പശാലയ്ക്ക് നാളെ (21.11.2018) തുടക്കം

ഹരിത കേരളം മിഷന്റെയും വ്യാവസായിക പരിശീലന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്തെ മുഴുവൻ ഐ.ടി.ഐ.കളെയും ഹരിതസ്ഥാപനങ്ങളാക്കി മാറ്റുന്നു. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനായി സംഘടിപ്പിക്കുന്ന വടക്കൻ മേഖലാ ശിൽപ്പശാല നാളെയും മറ്റന്നാളും (2018 നവംബർ 21, 22 തീയതികളിൽ) തിരുവനന്തപുരത്ത് നാലാഞ്ചിറയിലുള്ള മാർഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ നടക്കും. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളെയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ ശിൽപ്പശാലയിൽ ആമുഖ അവതരണ നടത്തും. ശുചിത്വ മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം, ഗ്രീൻ പ്രോട്ടോക്കോൾ തുടങ്ങി വിവിധ മേഖലകളിലെ വിദഗ്ദ്ധർ ശിൽപ്പശാലയിൽ വിഷയാവതരണം നടത്തും. ഹരിത ക്യാമ്പസിലെ ജലസംരക്ഷണം, ഹരിത ക്യാമ്പസിലെ കാർഷികാനുബന്ധ പ്രവർത്തനങ്ങൾ, ഹരിത ക്യാമ്പസ് മാസ്റ്റർ പ്ലാൻ അവതരണം, ഓരോ ക്യാമ്പസിലെയും നിലവിലുള്ള അവസ്ഥയും സാധ്യതകളും, നൈപുണ്യ കർമ്മസേനയും ഹരിതക്യാമ്പസും, ഹരിതക്യാമ്പസ് ആസൂത്രണം തുടങ്ങിയ വിഷയങ്ങൾ രണ്ടു ദിവസങ്ങളിലായി നടക്കുന്ന ശിൽപ്പശാലയിൽ ചർച്ച ചെയ്യും.

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം–695 004
ഫോൺ : 0471 2449939, ഇ–മെയിൽ : haritham@kerala.gov.in